നമ്പർ. സി4 /2506/ റ്റിസി /08.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
കേരളം, തിരുവനന്തപുരം,
തിയതി : 27.03.2008

പരിപത്രം (സർക്കുലർ) നം.– 09/08

വിഷയം : – മോട്ടോർ വാഹന വകുപ്പ് –ലേണേഴ്സ് ലൈസൻസ് പുതുക്കുന്നതും ഡ്രൈവിംഗ് ടെസ്റ്റിന് പങ്കെടുക്കുന്നവരുടെ ലിസ്റ്റ് എന്നിവ സോഫ്ടവെയറിന് അനുസൃതമായി രേഖപ്പെടുത്തുന്നത്–സംബന്ധിച്ച്.

സൂചന:–ശ്രീ.പി.എം.ഷാജി,എം.വി.ഐ (ട്രാൻസ്പോർട്ട് കമ്മീഷണർസ് സ്ക്വാഡ്) യുടെ റിപ്പോർട്ട്.

കാലാവധി തീർന്ന ലേണേഴ്സ് ലൈസൻസ് റീടെസ്റ്റ് നടത്താതെ പുതുക്കുന്നതായും, ഡ്രൈവിംഗ് ടെസ്റ്റിന് പങ്കെടുക്കുന്നവരുടെ ലിസ്റ്റ് സോഫ്ടവെയറിന് അനുസരിച്ച് പല ഓഫീസുകളിലും ഓഫീസർമാർ രേഖപ്പെടുത്തുന്നില്ലായെന്നും അറിവായിരിക്കുന്നു. കേന്ദ്ര മോട്ടോർ വാഹനചട്ടം ഭേദഗതി പ്രകാരം ലേണേഴ്സ് ലൈസൻസ് പുതുക്കാൻ പാടില്ലാത്തതാകുന്നു. വീണ്ടും ടെസ്റ്റ് നടത്തി മാത്രമേ ലേണേഴ്സ് ലൈസൻസ് നൽകുവാൻ പാടൊള്ളൂ.ടെസ്റ്റിന് ഹാജരാകുന്നവരിൽനിന്നും ലേണേഴ്സ് ലൈസൻസ് ഫീ മാത്രമേ ഈടാക്കാൻ പാടുള്ളൂ.

ഡ്രൈവിംഗ് ടെസ്റ്റിന് പങ്കെടുക്കുന്നവരുടെ ലിസ്റ്റ് സോഫ്ടവെയർ ഉപയോഗിച്ചു മാത്രം തയ്യാറാക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്താൻ പാടില്ലാത്തതാകുന്നു. എല്ലാ ഓഫീസ് മേധാവികളും ഈ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഈ സർക്കുലർ കൈപറ്റിയ വിവരം അറിയിക്കേണ്ടതാണ്.

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്;

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയിണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിൻറ് റീജിയിണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

പകർപ്പ്– ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എയ്ക്ക്,സീനിയർ ഡി.റ്റി.സി& സെക്രട്ടറി എസ്.റ്റി.എ, എ.ഒ, എഫ്.ഒ, എ.റ്റി.സി, എ.എസ്, ടി.സി സ്ക്വാഡ്, ഈ ഓഫീസിലെ എല്ലാ സെക്ഷൻ ഹെഡുകൾക്കും സെക്ഷനുകൾക്കും.